I/78121/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/324/2023-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 27-01-2023

E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**പരിപത്രം**

വിഷയം:- വനിത ശിശുവികസന വകുപ്പ്- ജീവനക്കാര്യം – "വർണ്ണച്ചിറകുകൾ" - ചിൽഡ്രൻസ് ഫെസ്റ്റ് 2022-23–ഞായറാഴ്ച ഡ്യൂട്ടി നിർവ്വഹിച്ച ജീവനക്കാർക്ക് കോമ്പൻസേറ്ററി ഓഫ് അനുവദിക്കുന്നത് സംബ :-

സൂചന:-

വനിത ശിശുവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ചിൽഡ്രൻസ് ഹോമുകളിലെയും തിരുവനന്തപുരം ജില്ലയിലെ എൻജിഒ നടത്തുന്ന സ്ഥാപനങ്ങളിലെയും കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2023 ജനുവരി 20, 21, 22 തീയതികളിൽ " വർണ്ണച്ചിറകുകൾ " എന്ന പേരിൽ ചിൽഡ്രൻസ് ഫെസ്റ്റ് 2022-23 വഴുതക്കാട് വിമൻസ് കോളേജിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ചിൽഡ്രൻസ് ഫെസ്റ്റിൽ ജനുവരി 22 ഞായറാഴ്ച ഡ്യൂട്ടി നിർവ്വഹിച്ച ജീവനക്കാർക്ക് ടിയാളുകളുടെ അപേക്ഷ പ്രകാരം കോമ്പൻസേറ്ററി ഓഫ് അനുവദിച്ചു നൽകേണ്ടതാണ്.

ഡ്യൂട്ടി നിർവ്വഹിച്ച ജീവനക്കാർ അതാത് കമ്മിറ്റി കൺവീനർമാർ നൽകുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട സെക്ഷൻ മേധാവിമാർക്ക് /കാര്യാലയ മേധാവിമാർക്ക് കോമ്പൻസേറ്ററി ഓഫ് അനുവദിച്ചു നൽകാവുന്നതാണ്. ചിൽഡ്രൻസ് ഫെസ്റ്റിനായി രൂപീകരിക്കപ്പെട്ട വിവിധ കമ്മിറ്റി കൺവീനർമാർ ജനുവരി 22 ഞായറാഴ്ചയിലെ ഹാജർ നില പരിശോധിച്ച് അംഗങ്ങൾക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകേണ്ടതാണ്.

മേൽ അവധിയ്ക്ക് അർഹരായ ജീവനക്കാർ മൂന്ന് മാസക്കാലയളവിനുള്ളിൽ പ്രസ്തുത അവധി വിനിയോഗിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :-

1. ഡയറക്ടറുടെ സി എ
2. എല്ലാ കീഴ്കാര്യാലയ മേധാവിമാർക്കും
3. എല്ലാ സെക്ഷൻമേധാവിമാർക്കും
4. സ്റ്റോക്ക് ഫയൽ / സ്പെയർ

Signed by Priyanka G
Date: 27-01-2023 22:15:19